# കൃഷിയെ ബാധിച്ചത് തണ്ടുതുരപ്പൻ വണ്ട്

## കൃഷിക്കു കീടബാധയുണ്ടായ കാവിലുംപാറ, ചക്കിട്ടപാറ, പൂഴിത്തോട് ഭാഗങ്ങളിൽ വിദഗ്ധ പരിശോധന

കോഴിക്കോട് • ജില്ലയുടെ മലയോര മേഖലകളിൽ ഗ്രാമ്പൂ, ജാതി കൃഷികളിലെ കീടബാധയ്ക്കു കാരണം തണ്ടുതുരപ്പൻ വണ്ടിന്റെ ആക്രമണമാണെന്ന് കൃഷിവകുപ്പ്.

കുന്നുമ്മൽ ബ്ലോക്കിൽപെട്ട കാവിലുംപാറ, ചക്കിട്ടപാറ, പൂഴിത്തോട് ഭാഗങ്ങളിൽ കൃഷി വകുപ്പും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്, കൃഷി വിജ്ഞാൻ കേന്ദ്ര എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞൻമാരും ചേർന്നു നടത്തിയ പരിശോധനയിലാണ് ഇക്കാര്യം വ്യക്തമായത്. ഗ്രാമ്പൂ, ജാതി എന്നിവയ്ക്കു പുറമേ കൊക്കോയിലും പ്ലാവിലും കീടബാധ കണ്ടെത്തി.

തൊട്ടിൽപാലം, കാവിലുംപാറ മേഖലകളിൽ തെങ്ങിന്റെ കൂമ്പുചീയലും കൂടുന്നതായി കർഷകർ അറിയിച്ചു.

തുടർച്ചയായി പെയ്ത കനത്ത മഴയും തുടർന്നുണ്ടായ ഉയർന്ന അന്തരീക്ഷ ആർദ്രതയും രോഗകീട വ്യാപനത്തിന് കാരണമായെന്നും ഈ സാഹചര്യം നിയന്ത്രണ വിധേയമാക്കാൻ നടപടികൾ സ്വീകരിക്കണമെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു.

**കീടബാധ**

## നിർദേശങ്ങൾ ഇങ്ങനെ

- തണ്ടുതുരപ്പൻ കീടബാധയുടെ ലക്ഷണമായി വൃക്ഷങ്ങളുടെ തടിയിൽ തുളകളും പുഴുക്കൾ ചവച്ചുതുപ്പിയ ചണ്ടിയും കണ്ടാൽ ഉടൻ തുളകൾ വൃത്തിയാക്കണം.
- കോൾടാർ അല്ലെങ്കിൽ ചെളിയുമായി ചേർത്തു കുഴച്ച വേപ്പെണ്ണ തടിയിൽ തേച്ചുപിടിപ്പിക്കണം.
- കീടബാധമൂലം നശിച്ച മരങ്ങളും കമ്പുകളും ശേഖരിച്ച് കത്തിച്ചുകളയണം.
- കീടത്തിന് പെറ്റുപെരുകുവാൻ സാഹചര്യമുണ്ടാക്കുന്ന ശീമക്കൊന്നയുടെ ഉണങ്ങിയ ശിഖരങ്ങൾ, പെരിയിലം, മറ്റു കളകൾ എന്നിവ നീക്കണം.
- ഗ്രാമ്പൂ, ജാതി, കൊക്കോ, പ്ലാവ് മുതലായ ദീർഘകാല വിളകൾ ഉണങ്ങിയതു ശ്രദ്ധയിൽപെട്ടാൽ ഉടൻ കൃഷിഭവനിൽ അറിയിക്കണം.